മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇലക്ട്രിക് ലൈനുകളും ടെലഗ്രാഫ് ലൈനുകളും ക്രോസ്സ് ചെയ്യുന്ന കേസുകളിൽ പോസ്റ്റ് ആൻഡ് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിന്റെ അനുവാദം ആവശ്യമാണ്.

(ബി) ഉണ്ട്.

(സി) ഈ രണ്ടുസെൻറുകളിലും വിദ്യുച്ഛക്തി വിതരണം നടത്തുന്നതിനാവശ്യമായ അനുമതി നൽകുവാൻ പോസ്റ്റ് ആൻഡ് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : എക്സ്റ്റൻഷൻ വർക്കുകൾ കഴിഞ്ഞശേഷമാണോ അനുവാദത്തിനുവേണ്ടി പി. ആൻറ്. ടി. ഡിപ്പാർട്ടുമെൻറിനു എഴുതുന്നത്. അതല്ലാ എക്സ്റ്റൻഷൻ വർക്കുകൾ തുടങ്ങുന്നസമയത്തുതന്നെ എഴുതുമോ? ഇന്നത്തെ കാലതാമസം പരിഹരിക്കുന്നതിനു സഹായകമായ നടപടി ഗവണ്മെൻറ് സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : സ്കീം അംഗീകരിക്കുമ്പോൾതന്നെ എഴുതാറുണ്ട് പണിതീരുന്നതുവരെ അനുവാദം കിട്ടാറില്ല. പണിതീർന്നശേഷമാണ് അനുവാദം കിട്ടാറുള്ളത്.

ശ്രീ. കെ. ആർ. വിജയൻ : 1960—ൽ തുടങ്ങിയ എഴുമറ്റൂർ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തിയാക്കുന്നതിനു കണക്ഷൻ ഇന്നുവരെ കൊടുത്തിട്ടില്ലെന്നുള്ളതിലേക്കു വളരെയധികം നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കണക്ഷൻ കിട്ടാത്തതുകൊണ്ട് പദ്ധതി പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നതിനാൽ ആവശ്യമായ നടപടികൾ ഗവണ്മെൻറ് എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആവശ്യമായ നടപടി എടുത്തുവരുന്നുണ്ട്.

ശ്രീ. കെ. ആർ. വിജയൻ : പ്രത്യേകമായി ഇക്കാര്യത്തിൽ ശ്രദ്ധിക്കുമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകമായ ഒരു നിവേദനം തന്നാൽ അതിനെപ്പറ്റി അന്വേഷിക്കാം.

## സിങ്ക് സ്മെൽടിംഗ് ഫാക്ടറി.

* 934. [24] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവായിൽ സ്ഥാപിക്കാൻപോകുന്ന സിങ്ക് സ്മെൽടിംഗ് ഫാക്ടറിക്കു എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ട് ;

(ബി) അതിൽ എത്ര ഏക്കർ ഇതിനകം പൊന്നുംവിലയ്ക്കെടുത്തു കഴിഞ്ഞു ;

(സി) എത്ര ഏക്കർ സ്ഥലം പ്രസ്തുത ഫാക്ടറിയുടെ നടത്തിപ്പുകാർക്കു കൈവശം കൊടുത്തിട്ടുണ്ട് ;

(ഡി) ഈ ഫാക്ടറിക്കുവേണ്ടി പൊന്നുംവിലയ്ക്കെടുത്ത സ്ഥലം മറ്റേതെങ്കിലും സ്ഥാപനത്തിനു കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു സ്ഥാപനത്തിനു ; എത്ര ഏക്കർ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 103 ഏക്കർ 85 സെൻറ് സ്ഥലം ആവശ്യമുണ്ട്.

(ബി) മുഴുവൻസ്ഥലവും പൊന്നുംവിലയ്ക്കു എടുത്തുകഴിഞ്ഞു.



LIBRARY ARCHIVES Kerala Legislative Assembly

(സി) നടത്തിപ്പുകാരായ കമ്പനിക്കാരോട് എഗ്രിമെൻറും പൊന്നും വിലയ്ക്കായി ചെലവായിട്ടുള്ള തുകയും വാങ്ങിക്കൊണ്ട് സ്ഥലം വിട്ടുകൊടുക്കുവാൻ വേണ്ട നിർദ്ദേശം എറണാകുളം റീജിയണൽ ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സ് ജായിൻറ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

## സ്റ്റാർച്ച് ഫാക്ടറികൾ.

* 935. [25] ശ്രീ. കെ. എം. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് കോവാപ്പറേറ്റീവ് സൊസൈറ്റി വകയായി എത്ര സ്റ്റാർച്ച് ഫാക്ടറികൾ തുടങ്ങുവാൻ അനുവാദം കൊടുത്തിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) കുവപ്പടി എൻ. ഈ. എസ്. ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് പുല്ലുവഴിയിൽ ഒരു സ്റ്റാർച്ച് ആൻഡ് സാഗോ ഫാക്ടറി തുടങ്ങുവാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(ഡി) സൊസൈറ്റി സംഘടിപ്പിച്ച കാലത്ത് കെട്ടിടത്തിൻറെ ചെലവിൻറെ 1/3 ഗ്രാൻറായി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ടോ ;

(ഇ) പിന്നീട് അത് കൊടുക്കയില്ലെന്ന പറഞ്ഞതുകൊണ്ട് കെട്ടിടത്തിൻറെ പണി പൂർത്തിയായിട്ടില്ലെന്നുള്ളകാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഗ്രാൻറ കൊടുക്കുകയോ അത് സാദ്ധ്യമല്ലെങ്കിൽ അതുയും സംഖ്യ ലോണായി കൊടുക്കുവാനോ ദയവുണ്ടാകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഒരു സ്റ്റാർച്ച ഫാക്ടറി.

(ബി) കുവപ്പടി ബ്ലോക്കിൽ പുല്ലുവഴിയിലുള്ള സ്റ്റാർച്ച ആൻഡ് സാഗോ ഫാക്ടറി.

(സി) ഫാക്ടറി കെട്ടിടത്തിൻറെ ചിലവിൻറെ പകുതി തുക ബ്ലോക്ക ഫണ്ടിൽനിന്നും കൊടുക്കാമെന്ന തീരുമാനിച്ചിരുന്നു.

(ഡി) ഇല്ല.

(ഇ) ചട്ടപ്രകാരം ബ്ലോക്കിൽനിന്നും പകുതി തുക കൊടുക്കാൻ സാദ്ധ്യമല്ലാ എന്ന പിന്നീടുകണ്ടു. പണി പൂർത്തിയാക്കാൻ തുക അനുവദിക്കാനുള്ള അപേക്ഷ പരിഗണനയിലിരിക്കുകയാണ്.

(എഫ്) ഇതു പരിഗണനയിലിരിക്കുകയാണ്.

# WRITTEN ANSWERS

## മോട്ടോർ അപകടങ്ങൾ.

* 936. [19] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ 1963 ഡിസംബർ അവസാനം വരെ സ്റ്റേറ്റിൽ എത്ര മോട്ടോർ അപകടങ്ങൾ ഉണ്ടായി ;

(ബി) എത്ര ആളുകൾക്ക് പരിക്കുപറ്റി; എത്ര ആളുകൾ മൃതിയടഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly